പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 835

02/12/2015 -ൽ മറുപടിയ്ക്ക്

**ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ടി.യു. കുരുവിള | | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) ശബരിമല തീർത്ഥാടകർക്ക് എല്ലാ ഇടത്താവളങ്ങളിലും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ:<br><br>ബി) ശബരിമല ഇടത്താവളങ്ങളിൽ തീർത്ഥാടകർക്ക് സൗകര്യം ഒരുക്കാൻ നിലവിൽ സർക്കാരും ദേവസ്വം ബോർഡും എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ; | എ) & ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഏതാനും ക്ഷേത്രങ്ങൾ ഇടത്താവളങ്ങളായി പ്രവർത്തിക്കുന്നുണ്ട്. ശബരിമല ദർശനത്തിനെത്തുന്ന അയ്യപ്പഭക്തർക്ക് യാത്രാമദ്ധ്യേ വിശ്രമിക്കുന്നതിനും, സമയബന്ധിതമായി മറ്റ് സൗകര്യങ്ങൾ നൽകുന്നതിനുമാണ് ഇടത്താവളങ്ങൾ പ്രവർത്തിക്കുന്നത്. ഇടത്താവളങ്ങളിൽ സാദ്ധ്യമാകുന്ന സ്ഥലങ്ങളിൽ ചുക്കുവെള്ള വിതരണം, പാർക്കിംഗ്, കംഫർട്ട് സ്റ്റേഷനുകൾ ഭക്തജനങ്ങൾ വിശ്രമിക്കുന്നതിനും, വിരിവക്കുന്നതിനുള്ള സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി) തീർത്ഥാടന കാലത്ത് അപകടങ്ങൾ പരമാവധി ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | സി) | തീർത്ഥാടന കാലത്ത് ശബരിമലയിൽ ദർശനത്തിനെത്തുന്ന ഭക്തജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പോലീസ് വകുപ്പ് നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള എല്ലാ നടപടികളും, തിരുവിതാംകൂർ ദേവസ്വം ബോർഡ് നിർവ്വഹിക്കുന്നതാണ്. തീർത്ഥാടകർക്കായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. പോലീസ് വകുപ്പ് നിർദ്ദേശിക്കുന്ന പ്രകാരമുള്ള ബാരിക്കേഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എൻ.ഡി.ആർ.എഫ്, ആർ.എ.എഫ് എന്നീ സേനാംഗങ്ങളെ ശബരിമലയിൽ വിന്യസിച്ചിട്ടുണ്ട്. |
| ഡി) തീർത്ഥാടനം സുഗമമാക്കാൻ ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | ഡി) | തീർത്ഥാടനം സുഗമമാക്കുന്നതിന് സർക്കാർ തലത്തിൽ നിരവധി വകുപ്പുതല യോഗങ്ങൾ വിളിച്ചുകൂട്ടിയിട്ടുള്ളതും പോലീസ്, ഫയർഫോഴ്സ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിലുള്ള സുരക്ഷാ സംവിധാനം ഒരുക്കിയിട്ടുള്ളതും, വിലനിയന്ത്രണത്തിനും തീർത്ഥാടകർക്ക് മറ്റ് അടിസ്ഥാന |

സൗകര്യങ്ങൾ ഒരുക്കുന്നതിനും പത്തനംതിട്ട/കോട്ടയം/ഇടുക്കി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതും, അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിനായി പത്തനംതിട്ട, ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലാ കളക്ടർമാർക്ക് 10 ലക്ഷം രൂപാ വീതവും, പത്തനംതിട്ട, ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്ക് 5 ലക്ഷം രൂപാ വീതവും സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി ചെങ്ങന്നൂർ, പത്തനംതിട്ട, തിരുവല്ല, ഏറ്റുമാനൂർ, പാല മുനിസിപ്പാലിറ്റികൾക്കും, എരുമേലി, റാന്നി-പെരിനാട്, വടശ്ശേരിക്കര, പന്തളം, പഴവങ്ങാടി, റാന്നി, അങ്ങാടി, നാറാണംമൂഴി, കുളനട, കോന്നി, മുത്തോളി, എലിക്കുളം, കോരുത്തോട്, മുണ്ടക്കയം, കുമളി, കാഞ്ഞിരപ്പള്ളി, ചിറക്കടവ്, പെരുവന്താനം, സീതത്തോട്, ചെറുകോൽ, ആയിരൂർ, പാറത്തോട്, വണ്ടിപ്പെരിയാർ, പീരുമേട് എന്നീ ഗ്രാമ പഞ്ചായത്തുകൾക്കുമായി മൊത്തം 3 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ഹോട്ടലുകളിലേയും മറ്റും ശുചിത്വവും ആഹാരത്തിന്റെ ഗുണനിലവാരവും പരിശോധിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തീർത്ഥാകർക്കായി പമ്പ, എരുമേലി, സന്നിധാനം എന്നിവിടങ്ങളിലും കാനന പാതകളിലും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സജ്ജീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ള വിതരണത്തിനും ശുദ്ധജല ലഭ്യതയ്ക്കുമായി കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളതും, അപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സേഫ് സോൺ പദ്ധതി നടപ്പിലാക്കിയിട്ടുമുണ്ട്.

(signature)

സെക്ഷൻ ഓഫീസർ